വന്ദനം വന്ദനം ശ്രീയേശുനാഥനു വന്ദനം ചെയ്തിടുന്നു
വന്ദനം വന്ദനം നന്ദിയോടടിയാർ വന്ദനം ചെയ്തിടുന്നു

1 ഇന്നെയോളമെന്നെ നടത്തിയല്ലോ മന്ന തന്നെന്നെ നീ പോറ്റിയല്ലോ
തന്നിടും സകലവും അന്ത്യം വരെ നന്ദിയോടെ ഞാൻ പാടിടുമേ -

2 നിന്നുടെ സന്നിധി മോഹനമേ ഉന്നതമോദത്തിന്നുറവിടമേ
വന്നിടും നേരം ഈ ഞങ്ങളെ പൊന്നു തേജസ്സാൽ പൊതിയണമേ -

3 ജീവമൊഴി ശ്രവിച്ചീയടിയാർ ജീവനെ സമൃദ്ധമായ് നേടിടുവാൻ
ജീവൻ വെടിഞ്ഞെന്നെ വീണ്ടവനെ ജീവകാലമെല്ലാം അനുഗ്രഹിക്ക